"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ലയിൽ മുളക്കുഴ ഗ്രാമപഞ്ചായത്തിലെ പതിനൊന്നാം വാർഡിൽ ഉൾപ്പെടുന്ന പൂതംകുന്ന് നഗറിലെ പൊതുവിഭാഗത്തിൽപ്പെട്ട 10 കുടുംബങ്ങൾക്ക് വീട് വാസയോഗ്യമാക്കുന്നതിനായി തുക അനുവദിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2132/2024/LSGD തീയതി,തിരുവനന്തപുരം, 08-11-2024

---

പരാമർശം:-

1. ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23/08/2024-ലെ കത്ത്.
2. മുളക്കുഴ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 14/08/2024-ലെ 1(1) നമ്പർ തീരുമാനം.
3. 16/10/2024-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി യോഗതീരുമാനം നമ്പർ 4.12.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിൽ മുളക്കുഴ ഗ്രാമപഞ്ചായത്തിലെ പതിനൊന്നാം വാർഡിൽപ്പെടുന്ന പൂതംകുന്ന് നഗറിന്റെ സമഗ്രവികസനത്തിനായി വിവിധ പദ്ധതികൾ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി നഗറിലെ പൊതുവിഭാഗത്തിൽപ്പെട്ട 10 കുടുംബങ്ങൾക്ക് വീട് മെയിന്റനൻസിന് 1.50 ലക്ഷം രൂപ വീതം നല്കാൻ അനുമതി നല്കണമെന്ന് പരാമർശം (2)-ലെ ഭരണ സമിതി തീരുമാന പ്രകാരം ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം പരാമർശം (3) പ്രകാരം ചേർന്ന കോർഡിനേഷൻ കമ്മിറ്റിയിൽ പരിശോധിച്ചു. മാർഗ്ഗരേഖ പ്രകാരം വീട് വാസയോഗ്യമാക്കുന്നതിന് പൊതുവിഭാഗത്തിന് 1.00 ലക്ഷം രൂപയാണ് നൽകാവുന്നത് എന്നതിനാലും, ഈ പ്രോജക്ട് പൊതു വിഭാഗത്തിൽപ്പെട്ടവർക്ക് വേണ്ടിയായതിനാലും 1.00 ലക്ഷം (ഒരു ലക്ഷം രൂപ) രൂപയിൽ പരിമിതപ്പെടുത്തി വീട് വാസയോഗ്യമാക്കുന്നതിന് ധനസഹായം നൽകാൻ മുളക്കുഴ ഗ്രാമപഞ്ചായത്തിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
ജില്ലാ പ്ലാനിംഗ് ഓഫീസർ, ആലപ്പുഴ ജില്ല.
സെക്രട്ടറി, മുളക്കുഴ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ.

ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ്, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി. (Comp. No. 2956426)

ഉത്തരവിൻ പ്രകാരം,

Signed by
Viraj K
Date: 08-11-2024 11:52:38

സെക്ഷൻ ഓഫീസർ.